Talented Bankers Literary Panel
പുസ്തക പരിചയം 214.

പുസ്തകം പരിചയപ്പെടുത്തുന്നത്,
അനിത വി കെ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
തിരുവനന്തപുരം.

ഒൻപതാം വീട്
അനൂപ് ശശികുമാർ.

"ഝില്ലിഝിങ്കാരനാദമണ്ഡിതവും സിംഹ വ്യാഘ്ര ശല്യാദി മൃഗഗണനിവേദിഷമായ ഘോരാവിപിനത്തെ " പരിചയപ്പെട്ടത് പത്താം ക്ലാസ്സിൽപഠിക്കാനുണ്ടായിരുന്ന 'എന്നിനി കാണുന്നു ഞാനെൻ പ്രിയതമ ' എന്നാ പാഠ ഭാഗത്തിലൂടെയാണ്.
C V രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മ, മുഴുവൻ മനസ്സിലായില്ലെങ്കിലും വായിച്ചതും അന്നാണ്. തിരുവിതാംകൂർ മഹാരാജാവായിരുന്ന മാർത്താണ്ഡ വർമ്മ, കലാപം ഉണ്ടാക്കിയിരുന്ന എട്ടുവീട്ടിൽ പിള്ളമാരെ തൂക്കിലേറ്റിയും കുടുംബത്തിലെ സ്ത്രീകളെ മുക്കുവർക്കും ലന്തക്കാർക്കും വിറ്റും എതിർത്തവരെ മുച്ചൂടും നശിപ്പിച്ചും ആധുനിക തിരുവിതാംകൂർ രാജ്യം കെട്ടിപ്പടുത്തു. അറുകൊലകളായി മാറിയ എട്ടുവീട്ടിൽ പിള്ളമാരുടെ ആത്മാക്കളെ, ചങ്ങനാശ്ശേരിക്കടുത്തുള്ള വേട്ടടിക്കാവിൽ തളച്ചു, മാർത്താണ്ഡ വർമ്മയുടെ കുലത്തിൽ പെട്ട ആരെങ്കിലും അവിടെ കാലുകുത്തിയാൽ കെട്ട് പൊട്ടിച്ചു പുറത്തിറങ്ങാനുള്ള അനുവാദത്തോടെ, ഇത് ഐതിഹ്യം.

കമ്പ്യൂട്ടർ സയൻസിൽ, Phd ക്കു റിസർച് ചെയ്യുന്ന, അത്യാവശ്യം കളരിയും മാർഷ്യൽ ആർട്സും അറിയുന്ന, ഭക്ഷണപ്രിയനായ അരുണിനെ, പ്രോഗ്രാമിങ്ങിൽ സഹായം അഭ്യർത്ഥിച്ചാണ് സമീര സമീപിച്ചത്.
സമീരയെ വളയ്ക്കാൻ അവസരം നോക്കിയിരുന്ന അരുണിന് രണ്ടാമതൊന്നാലോചിക്കാൻ ഇല്ലായിരുന്നു. സമീരയുടെ കയ്യിലുള്ള താളിയോലകൾ സ്കാൻ ചെയ്തു, മാഞ്ഞുപോയ അക്ഷരങ്ങൾ റിക്കവർ ചെയ്യാനുള്ള പ്രോഗ്രാമാണ് സമീരക്ക് വേണ്ടിയിരുന്നത്.
Reconstruct ചെയ്ത ഒരു താളിയോല അരുണിന്റെ അപ്പുപ്പൻ കാണാനിടയായി. കോളേജിൽ നിന്നും ഹിസ്റ്ററി പ്രൊഫസർ ആയി റിട്ടയർ ചെയ്ത അപ്പുപ്പനും, രാജഭക്തനും
Raw യിൽ നിന്നും റിട്ടയർ ചെയ്ത ആളുമായ വല്യപ്പൂപ്പനും, മൂലഭദ്രിയിലെഴുതിയ ആ ഓല മൂന്നര നൂറ്റാണ്ടു പഴക്കമുള്ള കുടിപ്പകയുടെ ബാക്കി പത്രമെന്നറിയുന്നു. അതിന്റെ നേരമ്പേഷിച്ചു പോയ അരുണിനെയും സമീരയേയും അപ്പൂപ്പൻമാരെയും കാത്തിരുന്നത് വിശദീകരക്കാനാവാത്ത അനുഭവങ്ങൾ ആയിരുന്നു.

എട്ടുവീട്ടിൽ പിള്ളമാരും തമ്പിമാരും അവരുടെ സഹോദരി ഉമ്മിണി തങ്കയും ക്രൂരമായി കൊല ചെയ്യപ്പെട്ടപ്പോൾ, അനുഭാവികൾ അതിനു പ്രബലമായൊരു സംഘം ഉണ്ടാക്കി, ഒൻപതാം വീട്. രാജകുടുംബത്തോട് ശത്രുതയും, രാജ്യത്തോടും പ്രജകളോടും സ്നേഹവും കടപ്പാടുമുള്ളവരുടെ സംഘം. മരിക്കും മുൻപ് ഉമ്മിണിതങ്കയിൽ നിന്നും കിട്ടിയ വിവരമനുസരിച്ചു, രവിവർമ കുലശേഖരൻ, പദ്മനാഭ സ്വാമി ക്ഷേത്രത്തിൽ നിക്ഷേപിച്ച മൂന്നിലൊന്നു സമ്പാദ്യത്തിന്റെ ബാക്കിയായ, മൂന്നിൽ രണ്ടു ഭാഗവും ഉടവാളും നേടിയ ഒൻപതാം വീട്ടുകാർ ധനികരായി... സ്വന്തം സൈന്യത്തെ രാജാധികാരത്തെ എതിർക്കാൻ വേണ്ടി കെട്ടിപടുക്കാനുമായി.

ഒൻപതാം വീട്ടുകാരെ എതിർക്കാൻ മാർത്താണ്ഡ വർമ്മ, കഴിവുറ്റ പോരാളികളെ തിരഞ്ഞു പിടിച്ചു കുലശേഖരപ്പട ഉണ്ടാക്കി.
നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ ഒൻപതാംവീട്ടിലും കുലശേഖരപ്പടയിലും ഭിന്നിപ്പുണ്ടായി... ഗ്രൂപ്പുകളും.
കുളശേഖരപ്പെരുമാളിന്റെ ഉടവാളിനും സ്വത്തിനും വേണ്ടി ഗ്രൂപ്പുകൾ നടത്തുന്ന മത്സരങ്ങൾക്കിടയിൽ പെട്ടുപോയി സമീരയും അരുണും അപ്പൂപ്പന്മാരും.
സത്യം തേടിയുള്ള അവരുടെ യാത്രയിൽ, തിരുവിതാംകൂർ ചരിത്രത്തിലെ അറിയപ്പെടാത്ത ഏടുകൾ ചുരുളഴിയുന്നു.
തികച്ചും വ്യത്യസ്തമായ ഒരു ത്രില്ലർ... ഒട്ടും മടുപ്പില്ലാതെ ഒറ്റയിരുപ്പിന് വായിച്ചു പോകാം.

ഗ്രന്ഥകർത്താവ് അനൂപ് ശശികുമാർ, സാമ്പത്തിക ശാസ്ത്രത്തിൽ അധ്യാപനവും ഗവേഷണവും നടത്തുന്നു. അദ്ദേഹത്തിന്റെ എട്ടാമത്തെ വെളിപാട്, ഗോഥ, എന്നീ നോവലുകളും ആസ്വാദക ശ്രദ്ധ ആകർഷിച്ചതാണ്.

മാതൃഭൂമി പ്രസിദ്ധീകരണം
വില - 170 രൂപ